"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത്ഫണ്ട്, ഇതര ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തി തയ്യാറാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ ഉപമേഖലയിൽപ്പെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്റ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1898/2020/LSGD തീയതി,തിരുവനന്തപുരം, 14/10/2020

---

പരാമർശം:- 1 22.07.2014 ലെ സ.ഉ (സാധാ) നമ്പർ 1922/14/തസ്വഭവ നമ്പർ ഉത്തരവ്

2 ശുചിത്വ മിഷന്റെ ഇരുപത്തിയെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 3

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.02.2018-ലെ 2404/C1/2008/SM നമ്പർ കത്ത്

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 02.06.2018-ലെ DB5/7507/11/CE/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്റ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വിഹിതം നീക്കി വയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ (ത്രിതല പഞ്ചായത്ത് - 10%, നഗരസഭാ/കോർപറേഷൻ 15% ശതമാനം) സാങ്കേതിക അനുമതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ശുചിത്വ മിഷനിൽ സമർപ്പിക്കപ്പെടുന്ന പ്രൊജക്റ്റുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദേശം അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സാങ്കേതിക പ്രൊജക്റ്റുകൾക്ക് സൂക്ഷ്മ പരിശോധനയ്ക്ക് മുൻപായി സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട് എന്നതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഖര ദ്രവ മാലിന്യ സംസ്കരണ പ്രോജക്റ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പൂർണമായും നിർമ്മാണ സ്വഭാവമുള്ള അജൈവ മാലിന്യ പരിപാലന സംവിധാനങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫസിലിറ്റി (ആർ.ആർ.എഫ്), പ്ലാസ്റ്റിക് ഷ്രെഡിംഗ്/റീസൈക്ലിംഗ് യൂണിറ്റ് (മെഷണറി ഉൾപ്പെടെ) മുതലായവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റുകളുടെ സിവിൽ നിർമ്മാണം മാത്രമായി വരുന്ന തരത്തിലുള്ള പ്രോജക്റ്റുകൾക്ക് സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗം തന്നെ സാങ്കേതിക അനുമതി

നൽകാവുന്നതാണെന്നും പ്ലാസ്റ്റിക് ഷ്രഡിങ് / റീ സൈക്ലിംഗ് തുടങ്ങിയ മെക്കാനിക്കൽ / ഇലക്ട്രിക്കൽ പാർട്ട് കൂടി വരുന്ന പ്രോജക്റ്റുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ശുചിത്വ മിഷൻ, PWD mechanical/electrical വിഭാഗം, തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് സാങ്കേതിക അനുമതി നൽകാവുന്നതാണെന്നും, ശ്മശാനങ്ങളുടെ നിർമ്മാണത്തിനും ആധുനികവത്കരണത്തിനുമായുള്ള പ്രോജക്ടുകൾക്കും (മെഷിനറി ഉൾപ്പെടെ) മേൽ കമ്മിറ്റി മുഖേന സാങ്കേതിക അനുമതി നൽകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത്ഫണ്ട്, ഇതരഗ്രാൻറുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തി തയ്യാറാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ ഉപമേഖലയിൽപ്പെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരംതാഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ.നം | പ്രോജക്ടിന്റെ തരവും - വിശദാംശവും | | സാങ്കേതിക അനുമതി നൽകേണ്ട അധികാരസ്ഥാനം |
|---|---|---|---|
| | **അംഗീകൃത യൂണിറ്റ് നിരക്കുള്ള, ഉറവിട ഖര മാലിന്യ സംവിധാനങ്ങൾക്കായുള്ള പ്രോജക്ടുകൾ**<br><br>അംഗീകൃത യൂണിറ്റ് നിരക്കുള്ള ഗാർഹികതല/ചെറിയ യൂണിറ്റുകളായ ഉറവിട ഖര മാലിന്യ പ്ലാൻറുകൾ/ഉപാധികളുടെ (ഉദാ:- വിവിധതരം കമ്പോസ്റ്റിംഗ് ഉപാധികൾ, പോർട്ടബിൾ ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങിയവ) വാങ്ങലുകൾ ആവശ്യമായ പ്രോജക്ടുകൾ. | | **I. ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം ഉൾപ്പെട്ട പദ്ധതികൾ**<br><br>i. 20 ലക്ഷം രൂപ വരെ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ - ജില്ലാ ശുചിത്വ മിഷൻ<br>ii. 20 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ - സംസ്ഥാന ശുചിത്വ മിഷൻ.<br><br>**II. ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം ആവശ്യമില്ലാത്ത പദ്ധതി-** എല്ലാത്തരം പ്രോജക്ടുകൾക്കും (കേന്ദ്ര - തദ്ദേശസ്വയംഭരണസ്ഥാപന വിഹിതം ഉൾപ്പെട്ടവ) - ജില്ലാ ശുചിത്വ മിഷൻ |

| | | | |
|---|---|---|---|
| 2 | **പൊതു ഖര മാലിന്യ സംസ്കരണ സംവിധാനങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനായുളള പ്രോജക്ടുകൾ**<br><br>(എ) സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ള ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ - ഡംപ് സൈറ്റ് റിക്ലമേഷൻ/റെമഡിയേഷൻ, സാനിട്ടറി ലാന്റ് ഫിൽ സംവിധാനം സ്ഥാപിക്കൽ, കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാൻറുകളായ കമ്പോസ്റ്റിംഗ് പ്ലാൻറുകൾ, ബയോമെതനേഷൻ പ്ലാൻറുകൾ (ഊർജ്ജോത്പ്പാദനത്തോട്ടുകൂടിയതും അല്ലാത്തവയും) എന്നിവയ്ക്കുള്ള നിർമ്മാണം, നവീകരണം, നിലവാരം ഉയർത്തൽ മുതലായ പ്രോജക്ടുകൾ, സർക്കാർ / ശുചിത്വ മിഷൻ അംഗീകൃത സ്റ്റാൻഡേർഡ്ഡുകളോ & സ്പെസിഫിക്കേഷനുകളോ ഇല്ലാത്ത പ്രോജക്ടുകൾ. | | **എല്ലാ പ്രോജക്ടുകൾക്കും-**<br>സംസ്ഥാന ശുചിത്വ മിഷൻ. |
| | (ബി) പൂർണ്ണമായും നിർമ്മാണ സ്വഭാവമുള്ള അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്), പ്ലാസ്റ്റിക് ഷ്രെഡിംഗ്/റീസൈക്ലിംഗ് യൂണിറ്റ് (മെഷിനറിസ്ഥാപിക്കുന്നത് ഉൾപ്പെടെ) വികേന്ദ്രീകൃത (സ്ഥാപനതല/കമ്മ്യൂണിറ്റിതല) ജൈവമാലിന്യ സംസ്കരണ പ്ലാൻറുകളായ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ്/ബയോമെത്തനേഷൻ പ്ലാൻറുകൾ മുതലായവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ | | **I.സിവിൽ നിർമ്മാണം മാത്രമായി വരുന്ന പ്രോജക്ടുകൾ** - തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗ് (നിലവിലെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾപാലിച്ച്)<br><br>**ii.മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകളായ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്/റീസൈക്ലിംഗ് യൂണിറ്റ് മുതലായ പ്രോജക്ടുകൾക്ക്** - തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ/ ഇലക്ട്രിക്കൽ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ജില്ലാതല സാങ്കേതിക സമിതി. |
| | | | |

| | | | |
|---|---|---|---|
| 3 | **ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ** - മാർക്കറ്റുകൾ, ആശുപത്രികൾ, അറവുശാലകൾ മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ എഫ്ളുവെൻറ് / സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ, കമ്മ്യൂണിറ്റിതല മലിനജല സംസ്കരണ പ്ലാൻറുകൾ (സിവറേജ് സംവിധാനം ഉൾപ്പെടാത്തവ), പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ. | | **എല്ലാ പദ്ധതികൾക്കും** - സംസ്ഥാന ശുചിത്വ മിഷൻ |
| 4 | ശ്മശാനങ്ങളുടെ നിർമ്മാണത്തിനും ആധുനികവത്കരണത്തിനുമായുള്ള പ്രോജക്ടുകൾ. (മെഷിനറി ഉൾപ്പെടെ). | | **I.സിവിൽ നിർമ്മാണം മാത്രമായി വരുന്ന പ്രോജക്ടുകൾ** - തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗ് (നിലവിലെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച്)<br><br>**ii.മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകൾ** - തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, പി.ഡബ്ല്യൂഡി മെക്കാനിക്കൽ/ ഇലക്ട്രിക്കൽ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സംസ്ഥാന/ജില്ലാ തല സാങ്കേതിക സമിതി. |
| 5 | അറവുശാലകളുടെ നിർമ്മാണവും, ആധുനികവൽക്കരണവും, അറവുമാലിന്യ റെൻററിംഗ് പ്ലാൻറ് സ്ഥാപിക്കൽ മുതലായ പ്രോജക്ടുകൾ. | | **i. നിലവിൽ സാങ്കേതിക അനുമതി നേടിയ പദ്ധതികൾ** - സംസ്ഥാന ശുചിത്വ മിഷൻ.<br><br>ii. **കിഫ്ബി പദ്ധതികൾ** - ഇംപാക്ട് കേരള. |

- മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഭാഗമായ മാലിന്യ സംസ്കരണ ഉപാധികൾ/ സംവിധാനങ്ങളുടെ സാങ്കേതിക വിശദാംശങ്ങൾ, സ്പെസിഫിക്കേഷനുകൾ, മാതൃകാ എസ്റ്റിമേറ്റുകൾ, ഡിസൈനുകൾ, യൂണിറ്റ്കോസ്റ്റ് എന്നിവ തയ്യാറാക്കുന്നത് ശുചിത്വമിഷന്റെ ഉത്തരവാദിത്തമായിരിക്കും
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടാത്ത സർക്കാർ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്കും പ്രോജക്ടിന്റെ തരമനുസരിച്ച്

മേൽപട്ടികയിൽ പറയുന്ന അതാത് അധികാരസ്ഥാനങ്ങൾ സാങ്കേതികാനുമതി നൽകേണ്ടതാണ്

- പ്ലാസ്റ്റിക് ഷ്രഡിങ് / റീ സൈക്ലിംഗ് തുടങ്ങിയ മെക്കാനിക്കൽ / ഇലക്ട്രിക്കൽ പാർട്ട് കൂടി വരുന്ന പ്രോജക്ടുകളുടെ നിർമ്മാണത്തിനും ശ്മശാനങ്ങളുടെ നിർമ്മാണത്തിനും സാങ്കേതിക അനുമതി നൽകുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ശുചിത്വ മിഷൻ, PWD mechanical/electrical വിഭാഗം (AEE/AE),തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം AEE/EE യെ ഉൾപ്പെടുത്തി ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥരെ പ്രസ്തുത കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്
മാനേജിങ് ഡയറക്ടർ, ഇമ്പാക്ട് കേരള ലിമിറ്റഡ്
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

Signature Not Verified

Digitally signed by S BINDU
Date: 2020.10.14 14:59:07 IST
Reason: Approved